പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6224 31.10.2011-ൽ മറുപടിയ്ക്ക്

കെട്ടിടങ്ങളുടെ മാപ്പിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. ടി.എം. തോമസ് ഐസക്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ജെയിംസ് മാത്യു | | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ കെട്ടിടങ്ങളുടെ മാപ്പിംഗ് നടത്താനുദ്ദേശമുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ആവശ്യാനുസരണം പ്രിമിസെസ് മാപ്പിംഗ് എന്ന പേരിൽ കെട്ടിടങ്ങളുടെ മാപ്പിംഗ് നടത്തിവരുന്നുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ചർച്ച നടത്തി കരാർ ഉറപ്പിച്ച് വേണ്ട തുക വകയിരുത്തി ഫീൽഡ് സർവ്വെയിലൂടെയാണ് മാപ്പിംഗ് നടത്തുന്നത്. |
| (ബി) | ഇത് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണോ; എങ്കിൽ ഇതിനായി ഏതെല്ലാം ഏജൻസികളെയാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അതെ, ഐ.കെ.എം. നെ ചുമതലപ്പെടുത്തിയ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഈ പ്രവർത്തനങ്ങൾക്കായി ജി.പി.എസ്., ടോട്ടൽ സ്റ്റേഷൻ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി ഏജൻസിയെ ഏർപ്പെടുത്തിക്കൊണ്ട് കെട്ടിടങ്ങളുടെ മാപ്പിംഗ് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ